# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം-695 034.

ഫോൺ : 0471 – 2326603 ഇ-മെയിൽ : childrights.cpcr@kerala.gov.in

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala


No.6470/A3/2022/KeSCPCR

തീയതി: 04.11.2022

പ്രേഷക

സെക്രട്ടറി

സ്വീകർത്താവ്

1. **ഡയറക്ടർ**
   പൊതുവിദ്യാഭ്യാസ വകുപ്പ്,
   ജഗതി, തിരുവനന്തപുരം.

2. **ഡയറക്ടർ**
   സർവ്വ ശിക്ഷാ കേരള,
   തിരുവനന്തപുരം.

സർ,

വിഷയം :- കേ.സം.ബാ.സം.ക. - ബാലാവകാശ നിയമങ്ങളെ കുറിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള ശില്പശാല -അറിയിപ്പ് നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. 18.10.2022 -ലെ ഇതേ നമ്പർ കത്ത്.
2. 12.10.2022 -ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പൊതുവിദ്യാഭ്യാസ വകുപ്പ് എസ്.സി.ഇ.ആർ.റ്റി, എസ്.എസ്.കെ. എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകർക്കും ബാലാവകാശ സംരക്ഷണ നിയമങ്ങളെക്കുറിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലനത്തിനായി പ്രവർത്തിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് പൂൾ രൂപവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാലാവകാശ നിയമങ്ങളെക്കുറിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് താൽപര്യവും കഴിവും അഭിരുചിയുമുള്ള പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് റിസോഴ്സ് അദ്ധ്യാപകരുടെ പാനലിലേക്ക് മേലധികാരികൾ മുഖേന അപേക്ഷിക്കാവുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നു. നോട്ടീസിന്റെയും സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃകയും ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ജയശ്രീ. റ്റി.കെ**
സെക്രട്ടറി

AR

# <u>നോട്ടീസ്</u>

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പൊതുവിദ്യാഭ്യാസ വകുപ്പ് എസ്.സി.ഇ.ആർ.റ്റി, എസ്.എസ്.കെ. എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകർക്കും ബാലാവകാശ സംരക്ഷണ നിയമങ്ങളെക്കുറിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലനത്തിനായി പ്രവർത്തിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് പൂൾ രൂപവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാലാവകാശ നിയമങ്ങളെക്കുറിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് താൽപര്യവും കഴിവും അഭിരുചിയുമുള്ള പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് റിസോഴ്സ് അദ്ധ്യാപകരുടെ പാനലിലേക്ക് മേലധികാരികൾ മുഖേന അപേക്ഷിക്കാവുന്നതാണ്. താൽപര്യമുള്ള അദ്ധ്യാപകർ താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ അപേക്ഷ തയ്യാറാക്കി **2022 നവംബർ മാസം 9-ാം തീയതിക്ക് മുമ്പായി childrights.cpcr@kerala.gov.in എന്ന ഇ-മെയിലിൽ** അയക്കേണ്ടതാണ്.

# റിസോഴ്സ് അദ്ധ്യാപകരുടെ പാനലിലേയ്ക്കുള്ള അപേക്ഷ

| | | |
|---|---|---|
| 1 | പേര് | |
| 2 | തസ്തിക & വിഷയം | |
| 3 | വയസ്, ജനന തീയതി | |
| 4 | മൊബൈൽ നമ്പർ | |
| 5 | ഇ-മെയിൽ | |
| 6 | ജോലി ചെയ്യുന്ന ജില്ല | |
| 7 | ഓഫീസ് മേൽവിലാസം<br>(ഫോൺ നമ്പർ & ഇ-മെയിൽ ഉൾപ്പെടെ) | |
| 8 | താമസ വിലാസം | |
| 9 | അദ്ധ്യാപന പരിചയം | |
| 10 | വിദ്യാഭ്യാസ യോഗ്യതകൾ | |
| 11 | നേട്ടങ്ങളും സംഭാവനകളും | |
| 12 | അക്കാദമിക മികവ് തെളിയിക്കുന്ന പ്രസിദ്ധീകരിക്കപ്പെട്ട പ്രബന്ധങ്ങൾ/ പുസ്തകങ്ങൾ മുതലായവ | |

സ്ഥലം :
തീയതി :

അപേക്ഷകന്റെ ഒപ്പ്

---

Headmaster/Principal
(Counter Signed by)

Counter Signature of the Principal with remarks:

Place:
Date :

Name :
Signature :

(Seal)